(ബി) കമ്മിറ്റി എന്നാണ് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചത്;

(സി) റിപ്പോർട്ടിന്മേൽ എന്ത് നടപടിയെടുത്തു;

ഉത്തരം

(എ) കമ്മിറ്റിയുടെ കാലാവധി അവസാനിച്ചുവെങ്കിലും നീട്ടി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) റിപ്പോർട്ട് സമർപ്പിച്ചില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി

271 [586] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1985 ഫെബ്രുവരി 21-നു മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന കോൺഫറൻസിൽ 1985 മാർച്ച് ഒന്നുമുതൽ പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുമെന്ന് ഉറപ്പു നൽകിയിരുന്നുവോ; എങ്കിൽ ആ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ.

(ബി) എന്നുമുതലാണ് പ്രസ്തുത കമ്പനി അടച്ചുപൂട്ടിയത്;

(സി) ഈ കമ്പനി അടച്ചു പൂട്ടാനുള്ള കാരണമെന്ത്?

ഉത്തരം

(എ) 1985 ഫെബ്രുവരി മാസം 21-ാം തീയതി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടായ ഒത്തുതീർപ്പ് കരാറിൽ 1985 മാർച്ച് ഒന്നുമുതൽ പെരുമ്പാവൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥ കമ്പനി നടപ്പിലാക്കിയിട്ടില്ല. ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്നു വായ്പ ലഭിക്കാതിരുന്നതുകൊണ്ടാണ് കമ്പനി തുറന്നു പ്രവർത്തിക്കാതിരുന്നത്. വായ്പ നൽകുന്നതിനു ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യ ചില വ്യവസ്ഥകൾ കൂടി കൂടുതലായി ആവശ്യപ്പെട്ടു. ആ വ്യവസ്ഥകൾ തൊഴിലാളികൾക്കു സമ്മതമായിരുന്നില്ല. കമ്പനി 1-3-1985 മുതൽ തുറന്നു പ്രവർത്തിക്കാതിരിക്കുന്നതിനെ തുടർന്നു അനുരഞ്ജന സമ്മേളനങ്ങൾ നടത്തുകയും 3-8-1985-ൽ എറണാകുളം റീജിയണൽ ജോയിൻറ് ലേബർ കമ്മിഷണറുടെ ഓഫീസിൽ വച്ചുനടന്ന കോൺഫറൻസിൽവച്ച് പ്രശ്നം ഒത്തുതീർപ്പാവുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും, ബാങ്കിൽനിന്നും വായ്പ ലഭിച്ചു കഴിഞ്ഞാലുടൻ കമ്പനി പ്രവർത്തനം ആരംഭിക്കുമെന്നും കമ്പനിയുടെ പ്രവർത്തനത്തിനും ഉല്പാദനത്തിനും വേണ്ടത്ര തൊഴിലാളികളെ ആവശ്യാനുസരണം കീഴ്വഴക്കം അനുസരിച്ചുള്ള രീതിയിൽ തിരിച്ചെടുക്കുമെന്നും ആണ്. എല്ലാതൊഴിലാളികളെയും 31-12-1985 നകം തിരിച്ചെടുക്കുന്നതുമാണ്.

(ബി) 14-1-1985 മുതലാണ് ഈ കമ്പനി അടച്ചുപൂട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഫാക്ടറിയിലെ തൊഴിലാളികൾക്കു മാനേജുമെന്റിൽ നിന്നും കിട്ടാനുള്ള 1982 ഡിസംബർ, 1984 ഡിസംബർ എന്നീ മാസങ്ങളിലെ ശമ്പളം 1-1-1983 മുതൽ 17-1-83 വരെയുള്ള കാലയളവിലെ ശമ്പളം 1982, 83 എന്നീ വർഷങ്ങളിലെ ബോണസ് ഇവ നൽകുക എന്ന ആവശ്യം മുൻനിർത്തി തൊഴിലാളികൾ പണിമുടക്കാരംഭിച്ചതിനെ തുടർന്നാണു കമ്പനി അടച്ചു പൂട്ടിയത്.

ഈ സാമ്പത്തിക വർഷത്തിൽ നല്കിയ തൊഴിലില്ലായ്മ വേതനം

272 [587] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ആകെ ഇതുവരെയായി എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നല്കിയിട്ടുണ്ട്;

(ബി) ആകെ നല്കിയ സംഖ്യ എത്രയാണ്;

(സി) 1984-85 സാമ്പത്തിക വർഷത്തിൽ നല്കിയ സംഖ്യ എത്രയാണ്;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) 31-7-1985 വരെ ആകെ 57,898 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്.

(ബി) 2,08,84,800 രൂപ.

(സി) 7,68,52,921 രൂപ 55 പൈസ.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. *

തൊഴിലില്ലായ്മ വേതനത്തിലെ ക്രമക്കേടുകൾ

273 [588] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മവേതനം വിതരണം ചെയ്യുന്നതിൽ ക്രമക്കേടുകൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു കർഷകത്തൊഴിലാളി പെൻഷൻ മണിഓർഡർ അയയ്ക്കുന്നതുപോലെ, തൊഴിലില്ലായ്മവേതനവും മണിഓർഡറായി അയയ്ക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗുണഭോക്താക്കൾ തെറ്റായ സത്യവാങ്മൂലം നൽകുക, ആൾമാറാട്ടം നടത്തുക തുടങ്ങിയ ചില ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിലില്ലായ്മവേതനം മണിഓർഡറായി അയയ്ക്കുന്നതുകൊണ്ട് ഇത്തരം ക്രമക്കേടുകൾ പൂർണ്ണമായി പരിഹരിക്കപ്പെടുകയില്ല.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly